*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

180th Issue - Volume 5, No. 14 **ജാഗ്രത** 15th April 2011

"അവൻ ഇവിടെയില്ല; താൻ അരുളി ചെയ്തതുപോലെ അവൻ ഉയർപ്പിക്കപ്പെട്ടു."

(മത്തായി28,6)

ഈശോ മിശിഹായുടെ അനുഗ്രഹപ്രദമായ അവസാന അത്താഴവും പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും ഈ നാളുകളിൽ പ്രാർത്ഥനാപൂർവ്വം നമ്മൾ അനുസ്മരിക്കുന്നു. ഈ രക്ഷാകര രഹസ്യങ്ങളെ ധ്യാനിച്ചും പ്രാർത്ഥിച്ചും നമ്മുടെ ജീവിതത്തെ നവീകരിക്കാം. കാലിത്തൊഴുത്തിലും കഫർണാമിലും കാൽവരിയിലും മെല്ലാം സ്നേഹത്തിന്റെയും പ്രതീക്ഷയുടെയും പ്രഭ പടർത്തിയ ഈശോ ഉയർപ്പിലൂടെ മരണത്തെയും ജയിച്ചു. അവിടുന്നു നമ്മുടെ ജീവിതവഴികളിൽ എപ്പോഴും പ്രതീക്ഷയുടെ പ്രകാശം പടർത്തട്ടെ.

അനുഗ്രഹപ്രദമായ വലിയ ആഴ്ചയും ഉയിർപ്പുതിരുനാളും ആശംസിക്കുന്നു.!

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



## പ്രധാന വാർത്തകൾ

വിശ്വാസജീവിതത്തിൽ വിട്ടുവീഴ്ചയ്ക്ക് തയാറാകാതെ മൂല്യങ്ങൾ സംരക്ഷിക്കണം: മാർ റാഫേൽ തട്ടിൽ

---

എം.ജി സിൻഡിക്കറ്റ് തീരുമാനം പിൻവലിക്കണം: ഇന്റർചർച്ച് കൗൺസിൽ

---

സർക്കാർ കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും വലിയ ആതുരശുശ്രൂഷാ സംവിധാനം കത്തോലിക്കാ സഭയുടേത്

---

ഭക്താഭ്യാസങ്ങളും ആരാധനക്രമത്തിൽ അധിഷ്ടിതമായിരിക്കണം: മാർപ്പാപ്പ

---

കർണ്ണാടകത്തിലെ പാവപ്പെട്ടവർക്കായുള്ള ക്രൈസ്തവ സ്ഥാപനങ്ങൾ അക്രമിക്കപ്പെടുന്നു.

---

മൂന്നു ലക്ഷം തീർത്ഥാടകർ മെയ് 1 ന് റോമിലെത്തും

---

## *വായനക്കാഴ്ചകൾ*

"പുതിയബാബേൽ ഗോപുരങ്ങൾ".

---


"ആഗ്ലിക്കൻ മെത്രാൻ കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ"

---

## വാരാന്ത്യവീക്ഷണം

തെരഞ്ഞെടുപ്പിൽ മാത്രം മതിയോ ജനാധിപത്യ ഇടപെടലുകൾ ?

### വിശ്വാസജീവിതത്തിൽ വിട്ടുവീഴ്ചയ്ക്ക് തയാറാകാതെ മൂല്യങ്ങൾ സംരക്ഷിക്കണം: മാർ റാഫേൽ തട്ടിൽ



വിശ്വാസ ജീവിതത്തിൽ വിട്ടുവീഴ്ചയ്ക്ക് തയാറാകാതെമൂല്യങ്ങൾ സരംക്ഷിക്കാൻ പരിശ്രമിക്കണെമന്നഅതി രൂപതസഹായ മെത്രാൻ മാർറാഫേൽ തട്ടിൽ.വിശ്വാസം വിലപ്പെട്ട താണ്. അത് ഒരിക്കലും അടിയറവയ്ക്കരുതെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. പാലയൂരിലേക്ക് തീർഥാടനത്തിനെത്തിയ വിശ്വാസസമൂഹത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായി രുന്നു അദ്ദേഹം.

വിശ്വാസം വർധിക്കേണ്ടത് ജീവന്റെ സമൃദ്ധിയിലാണ്. അതിനാൽ കുടുംബങ്ങളിൽ ജീവന്റെ സമൃദ്ധിയുണ്ടാകണം. ദൈവവിളികളും ഒപ്പം വർധിക്കണം. അതിനായി വൈദികരും സമർപ്പിതരും കുടുംബങ്ങളും ഒറ്റക്കെട്ടായി യത്നിക്കണമെന്നും അദ്ദേഹം പറഞ്ഞു. മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിലിന്റെ ദേഹവിയോഗത്തിൽ അനുശോചിച്ചുള്ള സന്ദേശവും അദ്ദേഹം നല്കി. പാലയൂർ തീർഥാടനത്തിനെത്തിയ വിശ്വാസി സമൂഹത്തെ മാർ തോമാശ്ലീഹായുടെ കൈപിടിച്ച് വിതയത്തിൽ പിതാവും അനുഗ്രഹിക്കുന്നുണ്ടാകുമെന്നും മാർ തട്ടിൽ പറഞ്ഞു. അദ്ദേഹം വിശുദ്ധൻമാരുടെ ഗണത്തിൽ ചേർക്കപ്പെട്ടുവെന്നാണ് വിശ്വാസം. ഈ തീർഥാടനം പരിശുദ്ധ പിതാവിന്റെ മാധ്യസ്ഥം തേടിക്കൊണ്ടുള്ള പ്രാർഥന കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.

### എംജി സിൻഡിക്കറ്റ് തീരുമാനം പിൻവലിക്കണം: ഇന്റർചർച്ച് കൗൺസിൽ

ക്രൈസ്തവ കലാലയങ്ങളിൽ ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസ അവകാശം നിഷേധിക്കുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സിൻഡിക്കറ്റിന്റെ തീരുമാനം പിൻവലിക്കണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. യൂണി വേഴ്സിറ്റിയുടെ കീഴിലുള്ള ക്രൈസ്തവ കോളജു കളിലെ പ്രിൻസിപ്പൽ നിയമനം തടഞ്ഞു വയ്ക്കാനുള്ള തീരുമാനത്തിൽ പ്രതികരിക്കു കയാ യിരുന്നു അദ്ദേഹം. മതവിരുദ്ധത പ്രത്യയശാസ്ത്ര പരമായും രാഷ്ട്രീ യമായും കൊണ്ടുനടക്കുന്നവർ വിദ്യാഭ്യാസ രംഗത്തെ തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് ഈ ജനാധിപത്യ അവകാശ നിഷേധം. കോളജുകളുടെ അഫിലിയേഷൻ റദ്ദ് ചെയ്തും പ്രിൻസിപ്പൽ നിയമനവും അധ്യാപക നിയമനവും തടഞ്ഞുവച്ചും വിദ്യാർഥി പ്രവേശനം വികലമാക്കിയും ക്രൈസ്തവ കോളജുകളെ തകർക്കാനുള്ള ശ്രമമാണു നടക്കുന്നത്. സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പിന്നോക്കക്കാർക്കു നൽകുന്ന സംവരണത്തിനു തുല്യമായി ഭാഷാ മത സംസ്കാരങ്ങൾ സംരക്ഷിക്കാൻ നൽകിയിരിക്കുന്ന ന്യൂനപക്ഷാവകാശത്തെ ചിത്രീകരിച്ച് ക്രൈസ്തവർ വിദ്യാഭ്യാസപരമായി വളർന്നതിനാൽ അവർക്കു ന്യൂനപക്ഷാവകാശമില്ലാ എന്ന നിലപാടു വിചിത്രമാണ്. ഈ നിലപാട് ഉയർത്തിപ്പിടിച്ച 2006-ലെ സ്വാശ്രയ വിദ്യാഭ്യാസ നിയമം ഭരണഘടനാവിരുദ്ധ മായി കണ്ട് കോടതി റദ്ദുചെയ്തതു മറന്നാണു യൂണിവേഴ്സിറ്റി അധികൃതർ ഈ കൈയേറ്റത്തിനു മുതിരുന്നതെന്നു മാർ ജോസഫ് പവ്വത്തിൽ കൂട്ടിച്ചേർത്തു

### സർക്കാർ കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും വലിയ ആതുര ശുശ്രൂഷാ സംവിധാനം കത്തോലിക്കാ സഭയുടേത്

ഇന്ത്യയിലെ പകുതി സ്ത്രീകളും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളിൽ 70%പേരും ആനീമിയ അഥവാ വിളർച്ച രോഗത്തിനു കീഴ്പ്പെട്ടവരാണ്. ഇന്ത്യൻ ഗവൺമെന്റ് ആരോഗ്യപരിരക്ഷയ്ക്ക് അത്ര അതികം പ്രാധാന്യം നല്കാത്തതുകൊണ്ടു തന്നെ കത്തോലിക്കാ സഭക്ക് പ്രത്യേകമായി ആതുരശുശ്രൂഷാരംഗത്തും വിദ്യാഭ്യാസ രംഗത്തും ശക്തമായി പ്രവർത്തിക്കേണ്ടി വരുന്നു.

സർക്കാർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രോഗീശുശ്രൂഷ ചെയ്യുന്ന സംവിധാനം കത്തോലിക്കാസഭയുടേതാണ് എന്ന് സി. ബി. സി. ഐ യുടെ ഹെൽത്ത് കമ്മീഷൻ സെക്രട്ടറി ഫാ. മാത്യു അബ്രാഹം വെളിപ്പെടുത്തി. 3306 ആശുപത്രികളുടെ ഒരു ശൃംഖലയാണ് ഇന്ത്യയിൽ കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്.

സ്വകാര്യ ആശുപത്രികളിൽ പലതും ഉന്നത നിലവാര മുള്ളതാണെങ്കിലും ഇന്ത്യൻ ജനസംഖ്യയിൽ 80% പേർക്കും ഇവിടത്തെ ചികിത്സാ സൗകര്യങ്ങൾ സാമ്പത്തിക പിന്നോക്കാവസ്ഥ കൊണ്ട് അപ്രാപ്യമാണ്.

ഹാർവാർഡ് സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിന്റെ പഠനമനുസരിച്ച് മൂന്നു വയസ്സിൽ താഴെയുള്ളകുട്ടികളുടെ പോഷകാഹാരക്കുറവ് ഇന്ത്യയിൽ വർദ്ധിച്ചിട്ടുണ്ട്.

**ഭക്താഭ്യാസങ്ങളും ആരാധനക്രമത്തിൽ അധിഷ്ടിതമായിരിക്കണം; മാർപ്പാപ്പ**

പരിശുദ്ധപിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ വിശ്വാസികളുടെ ഭക്താഭ്യാസങ്ങൾ അവരുടെ ഭക്തിയുടെ പ്രകടനമാണ്; പക്ഷേ അത് സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ടു പോകേണ്ടിയിരിക്കുന്നു എന്ന് വ്യക്തമാക്കി. ലത്തീൻ അമേരിക്ക്ക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്ലീനറി അസംബ്ലിയിൽ സംസാരിക്കുകയായിരുന്നു പരിശുദ്ധ പിതാവ്.

ലത്തീൻ (തെക്കേ) അമേരിക്കയിലെ നവസുവിശേഷവത്ക്കരണത്തിൽ വിശ്വാസികളുടെ ഭക്താഭ്യാസങ്ങളെ ഒഴിവാക്കാനാവില്ല. വേണ്ടവിധത്തിൽ അനുഷ്ഠിക്കുന്നതും, സഭപിന്തുണക്കുന്നതും, വിശ്വാസജീവിതത്തിൽ വളർത്തുന്നതുമായ ഭക്താഭ്യാസങ്ങളാണ് പ്രോൽസാഹിപ്പിക്കപ്പെടേണ്ടതെന്നു മാർപ്പാപ്പ വ്യക്തമാക്കി.

**കർണ്ണാടകത്തിലെ പാവപ്പെട്ടവർക്കായുള്ള ക്രൈസ്തവ സ്ഥാപനങ്ങൾ അക്രമിക്കപ്പെടുന്നു.**

കർണ്ണാടകത്തിലലെ പാവപ്പെട്ട കുട്ടികൾക്കായുള്ള ക്രൈസ്തവ സ്ഥാപനങ്ങൾ ഹിന്ദു തീവ്രവാദികൾ അക്രമിക്കുന്നതിനെതിരേ എല്ലാസമുദായങ്ങളിലും പെടുന്ന 34 സംഘടനകൾചേർന്ന് പ്രകടനം നടത്തി.

മതപരിവർത്തനം നടത്തുന്നുവെന്ന് ആരോപിച്ച് പാവപ്പെട്ട കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിലെ കുട്ടികളെ ഭീഷണിപ്പെടുത്തുകയും അക്രമിക്കുകയും ചെയ്യുന്നത് ബി.ജെ.പി. ഭരിക്കുന്ന കർണ്ണാടകത്തിൽ സാധാരണമായിരിക്കുകയാണ്. മംഗലാപുരത്തുതന്നെ 80,000വിദ്യാർത്ഥികൾ ക്രൈസ്തവ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്.

നാലായിരത്തോളം പേരാണ് ഏപ്രിൽ 11-ാം തീയതി മംഗലാപുരം ജില്ലാ ഓഫീസിന്റെ മുമ്പിൽ നടന്നപ്രകടനത്തിൽ പങ്കെടുത്തത്. 24 അക്രമ പ്രവർത്തനങ്ങൾ ക്രൈസ്തവ സ്ഥാപനങ്ങളിൽ നടന്നിട്ടും ബി.ജെ.പി. സർക്കാർ നടപടിയെടുക്കുന്നില്ല. പോലീസും മതതീവ്രവാദികളുടെ പക്ഷം ചേരുകയും ക്രൈസ്തവരെ കള്ളകേസിൽ കുടുക്കുകയുമാണ് ചെയ്യുന്നതെന്ന് സാമൂഹ്യക്ഷേമ പ്രവർത്തകർ പറയുന്നു.

**മൂന്നു ലക്ഷം തീർത്ഥാടകർ മെയ് 1 ന് റോമിലെത്തും**

മെയ് 1 ന് നടക്കുന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ മൂന്നു ലക്ഷത്തോളം പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയെ മെയ് 1-ാം തീയതി വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുമെന്ന് അറിയിച്ച ദിവസങ്ങളിൽ തന്നെ ട്രാവൽ ഏജന്റുമാർ റോമിലെ ഹോട്ടലുകളും മറ്റു താമസ സൗകര്യങ്ങളും മുൻകൂട്ടി ബുക്കു ചെയ്തു.

ചെലവുകുറഞ്ഞ വിധത്തിൽ താമസിക്കാൻ ഉദ്ദേശിക്കുന്നവരെ കരുതി രണ്ടു പ്രധാന ഗ്രൗണ്ടുകളിൽ താല്കാലിക ഷെഡുകൾക്കും പന്തലുകൾക്കും രൂപം നല്കുന്നുണ്ട് അവിടെ നിന്നും സ്പെഷ്യൽട്രെയിനിൽ റോമിൽ എത്തിച്ചേർന്ന്കർമ്മങ്ങളിൽ പങ്കെടുക്കാൻ കഴിയും. പത്തുലക്ഷം വെള്ളക്കുപ്പികൾ റോമിലെ ഒരു കമ്പനി സംഭാവനചെയ്തിട്ടുണ്ട് പോളണ്ടിൽ നിന്നും വൻതോതിൽ തീർത്ഥാടകർ എത്തിച്ചേരാനുള്ള സാദ്ധ്യത പരിഗണിച്ച് മറ്റു ക്രമീകരണങ്ങളും ആലോചനയിൽ ഉണ്ട്

***വായനക്കാഴ്ചകൾ***

**"പുതിയബാബേൽ ഗോപുരങ്ങൾ".**

"ബാബേൽ ഗോപുരം പ്രതീകാത്മകമായി പ്രതിനിധീകരിക്കുന്ന വലിയ സമുച്ചയങ്ങൾ അഥവാ പാർപ്പിടങ്ങൾ ഇന്ന് നമ്മുടെ ജീവിതസ്വപ്നങ്ങളുടെയും ഭാഗമാണ്. അതിലുപരി മിഥ്യാഭിമാനത്തിന്റെയും അന്തസിന്റെയും മാനദണ്ഡങ്ങളായി മാറിയിരിക്കുന്നു. ഒരിക്കൽ എല്ലാം വിട്ടുപോകേണ്ട ഈ ഭൂമിയിൽത്തന്നെ എല്ലാം നിക്ഷേപിക്കാൻ ഒരുമ്പെടുന്ന ഒരു സ്വപ്നമാണ് വലിയൊരു വീട്. ഇന്നത്തെ ഫ്ളാറ്റ് സംസ്കാരത്തിന്റെ മുതുമുത്തച്ഛൻ എന്ന് വിശേഷിപ്പിക്കാവുന്ന സ്വപ്നസൃഷ്ടിയാണ് ബാബേൽ" .

ഫാ.ആന്റണി കൊച്ചാലുങ്കൽ സി.എം.ഐ

**ആഗ്ലിക്കൻ മെത്രാൻ കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ**

"മുപ്പത്തഞ്ചു വർഷം പുരോഹിതനായി ശുശ്രൂഷ ചെയ്ത സഭയിൽനിന്നും കത്തോലിക്കാ സഭയുടെ ഭാഗമാകുന്നു എന്നു കേൾക്കുമ്പോൾ ഉണ്ടാകുന്ന പ്രതിഫലനങ്ങൾ ഊഹിക്കാവുന്നതല്ലേ ഉള്ളു. സുഹൃത്തുക്കൾ വാദങ്ങളുമായെത്തി. ആംഗ്ലിക്കൻ സഭയിൽ എനിക്ക് ഗവൺമെന്റു ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുമായിരുന്നു. അതേക്കുറിച്ചുള്ള ഉപദേശമായി പിന്നീട്. ഒരു ബിഷപ്പായി ജോലി ചെയ്ത എന്റെ മേഖലകളെല്ലാം കൈവിട്ടു പോകുന്നതിന്റെ വേദന മറ്റൊരു ഭാഗത്ത്. സത്യാന്വേഷണത്തിന്റെ വഴിയിലെ മുള്ളുകളായേ ഞാനിതിനെ കാണാൻ ശ്രമിച്ചിട്ടുള്ളു. ഇന്ന് എന്റെ കുടുംബം റോമൻ സഭയുടെ ഭാഗമാണ്. ബെനഡിക്ട് പാപ്പ എന്നെ കാത്തലിക്-ആഗ്ലിക്കൻ കൂട്ടായ്മയുടെ തലവനാക്കിയ കത്ത് വായിച്ചപ്പോൾ, ദൈവം സഭയിലൂടെ എന്നെ എത്ര മാത്രം സ്നേഹിക്കുന്നു എന്നു ഞാനറിയുന്നു. ഇത് ബിഷപ് എന്ന അംഗീകാരത്തെക്കാളും ശമ്പളത്തെക്കാളും വളരെ വലുതാണ്"

മോൺസിഞ്ഞോർ കീത്ത് ന്യൂട്ടൻ
(ആഗ്ലിക്കൻ സഭയിൽ നിന്ന് കത്തോലിക്കാ സഭയിൽ ചേർന്നവർക്കായുള്ള ഓർഡിനാരിയത്തിന്റെ തലവൻ)

# വാരാന്ത്യവീക്ഷണം

## തെരഞ്ഞെടുപ്പിൽ മാത്രം മതിയോ ജനാധിപത്യ ഇടപെടലുകൾ ?

---

ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പുകൾ സുപ്രധാനമാണ്. ഭരണത്തെക്കുറിച്ചുള്ള പൊതുഅഭിപ്രായം രൂപപ്പെടുത്തുന്നത് തെരഞ്ഞെടുപ്പിലൂടെയാണ് എന്നതാണ് അതിനുകാരണം. തെരഞ്ഞെടുക്കപ്പെട്ടാൽ പിന്നെ ജനങ്ങളുടെ അഭിപ്രായം തേടേണ്ടി വരുന്നത് അഞ്ചു വർഷങ്ങൾക്കു ശേഷമാകയാൽ പിന്നീട് പൊതുഅഭിപ്രായങ്ങൾ തേടുന്ന രീതി നമ്മുടെ ജനാധിപത്യ സംസ്കാരത്തിൽ തുലോം കുറവാണ്.

കേവലം തെരഞ്ഞെടുപ്പിൽ വോട്ടുചെയ്തു ജനാധിപത്യത്തിൽ തങ്ങളുടെ പങ്കാളിത്തം നിർവ്വഹിക്കേണ്ടവരാണോ സാമാന്യ വോട്ടർമാർ?. അങ്ങനെയല്ലെന്ന് കേരളത്തിന്റെ ജനാധിപത്യ മനസ്സും സംസ്കാരവും വ്യക്തമാക്കുന്നുണ്ട്. 1959 ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റു സർക്കാർ ജനാധിപത്യ വിരുദ്ധമായി പ്രവർത്തിക്കാനാരംഭിച്ചപ്പോൾ അതിനെ പ്രതിരോധിച്ചത് ഇവിടുത്തെ ജനാധിപത്യ വിശ്വാസികളായ ജനങ്ങളായിരുന്നു. ജനമുന്നേറ്റത്തിലൂടെ ജനാധിപത്യ സംവിധാനം പുനസ്ഥാപിക്കാൻ അന്നത്തെ പൗരസമൂഹത്തിനുകഴിഞ്ഞു. ജനാധിപത്യത്തിൽ ജനങ്ങളുടെ നിതാന്തജാഗ്രത കേവലം തെരഞ്ഞെടുപ്പിൽ മാത്രം ഉണ്ടായാൽ പോര എന്നു തെളിയിച്ച സംഭവമായിരുന്നു വിമോചന സമരം; ജനത്തിന്റെ ക്രീയാത്മകമായ ജനാധിപത്യ ഇടപെടലിന്റെ ഉത്തമ ഉദാഹരണം കൂടിയാണത്.

ഇപ്പോൾ ഇവിടെ കൈയ്യേറപ്പെടുന്ന പോളിംഗ് ബൂത്തുകളെക്കുറിച്ചുള്ള വാർത്തകൾ കാണാറുണ്ട്. ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കാത്തവരുടെയും ബലപ്രയോഗങ്ങളിൽ മുഴുകുന്നവരുടെയും അങ്ങനെയുള്ള പ്രത്യേയശാസ്ത്രം പ്രയോഗിക്കുന്നവരുടെയും സാന്നിധ്യം ഈ പ്രദേശങ്ങളിൽ വളരെ ശക്തമായതാണ് ഇതിനുകാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്. ഇത് ജനാധിപത്യത്തിനു തികച്ചും ഭൂഷണമല്ല.

ഇതുപോലെ ബൂത്തുകെയ്യേറൽ സംസ്കാരത്തിനെതിരായും അതായത് കെയ്യേറ്റത്തിന്റെയും ബലപ്രയോഗത്തിന്റെയും സംസ്കാരത്തിനെതിരായും ജനാധിപത്യ രീതിയിലുള്ള ജനമുന്നേറ്റം ഉണ്ടാകണം. ഈ മുന്നേറ്റത്തിലൂടെ മാത്രമേ ഏകാധിപത്യ- സർവ്വാധിപത്യ നിലപാടുകളെ പ്രതിരോധിക്കാക്കാൻ കഴിയൂ.

അതുകൊണ്ട് നമ്മുടേത് കേവലം തെരഞ്ഞെടുപ്പു ദിനത്തിൽ വോട്ടുചെയ്യുന്നതിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ജനാധിപത്യ പ്രവർത്തനമായിരിക്കരുത്. ജനാധിപത്യം സംരക്ഷിക്കാൻ എല്ലാ ജനാധിപത്യ മാർഗ്ഗങ്ങളും ആവശ്യമെങ്കിൽ ഉപയോഗിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം. നിരന്തരമായ ജാഗ്രത ജനാധിപത്യം നമ്മിൽ നിന്നാവശ്യപ്പെടുന്നുണ്ട്.

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25,